(തുക കോടിയിൽ)

വർഷം	2011-12	2012-13	2013-14	2014-15	2015-16
ധനസഹായം (Grand-in-Aid)	3709.22	3021.53	4138.21	7508.00	9946.28
വളർച്ചാ നിരക്ക്	68.86%	-18.54%	36.96%	81.43%	32.48%

നിലവിലെ സർക്കാരിന്റെ നികുതി വരുമാനത്തുക

151 (123) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജനങ്ങളിൽ നിന്ന് അധിക വിഭവം സമാഹരിക്കുന്നതിനായി ഓരോ ബഡ്ജറ്റ് വഴിയും ഓർഡിനൻസുകൾ, എക്സിക്യൂട്ടീവ് ഉത്തരവുകൾ എന്നിവയിലൂടെയും നികുതി നിരക്കുകളിലെ വർധന, നികുതിയേതര ഇനങ്ങളിലെ വർദ്ധനവ് എന്നിവ വഴിയും പ്രതിവർഷം എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇവ മൊത്തം എത്ര കോടി രൂപയാണ്;

(ബി) ഈ നടപടികൾ എല്ലാം സ്വീകരിക്കപ്പെട്ടിട്ടും ഈ സർക്കാരിന്റെ ഒരോ വർഷത്തിലും റവന്യൂ വരുമാനത്തിന്റെ ടാർജറ്റിലേക്കെത്താൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(സി) ഈ സർക്കാരിന്റെ ഓരോ വർഷവും തനത് നികുതി-നികുതിയേതര വരുമാനത്തിന്റെ ലക്ഷ്യം എത്ര കോടി വീതമായിരുന്നു; ലക്ഷ്യത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ അതത് വർഷത്തിൽ ലഭിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പ്തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ) എക്സൈസ് വകുപ്പ്

വർഷം	നികുതി പിരിവ് (രൂപ കോടിയിൽ)
2011-12	1888.88
2012-13	2249.75
2013-14	1931.89
2014-15	1778.07
2015-16 (2016 ജനുവരി വരെ)	1577.74

(ബി) രജിസ്ട്രേഷൻ വകുപ്പ്

സാമ്പത്തിക വർഷം	വരുമാനം (രൂപ കോടിയിൽ)
2011-12	2773.06
2012-13	2747.58
2013-14	2353.49
2014-15	2390.23
2015-16 (2016 ജനുവരി വരെ)	2072.95

(സി) മോട്ടോർവാഹന വകുപ്പ്

വർഷം	നികുതി പിരിവ് (രൂപ കോടിയിൽ)
2011-12	1500.91
2012-13	1831.15
2013-14	2091.77
2014-15	2306.14
2015-16 (2016 ജനുവരി വരെ)	2163.67

(ഡി) ലാന്റ് റവന്യൂ വകുപ്പ്

സാമ്പത്തിക വർഷം	പിരിച്ച തുക (രൂപ കോടിയിൽ)
2011-12	155.77
2012-13	212.08
2013-14	179.52
2014-15	239.19
2015-16	221.85 (2015 ഡിസംബർ മാസം വരെ)
ആകെ	1008.41

വാണിജ്യ നികുതി വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി). 1. സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 712 എഫ്-എൽ-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 78 എഫ്-എൽ-1 വിദേശമദ്യ ഔട്ട്ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 712 എഫ്-എൽ.-3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.76 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽനിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളിലെ വിദേശമദ്യ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാനിരക്കിൽ കുറവ് വന്നിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ബി.സി. വഴിയുള്ള മദ്യ വിൽപ്പനയിൽ കുറവ് വന്നിട്ടുണ്ട്. മദ്യ വിൽപ്പന സംബന്ധിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

വിൽപ്പന (കെയ്സുകളിൽ)	കെയ്സുകളുടെ എണ്ണം (ലക്ഷത്തിൽ)		
	2012-13	2013-14	2014-15
ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം	244.33	240.67	220.58
ബിയർ	101.64	107.96	95.59

2. ഓരോ വർഷവും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായതും കൈമാറ്റം നടത്തിയ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവുണ്ടായതും രജിസ്ട്രേഷൻ വകുപ്പിന് റവന്യൂ വരുമാനത്തിന്റെ ടാർജറ്റിലെത്താൻ സാധിക്കാത്തതിന് കാരണമായി.

3. പുതിയതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെ എണ്ണം വർഷം തോറും കുറഞ്ഞുവരികയാണ്. ഇതും വരുമാനക്കുറവിന് ഒരു കാരണമാണ്. എങ്കിലും മോട്ടോർ വാഹന വകുപ്പിന്റെ റവന്യൂ വരുമാനത്തിൽ വർഷം തോറും വർദ്ധനവാണ് കാണിക്കുന്നത്.

4. റബ്ബർ, മറ്റ് നാണ്യ വിളകൾ എന്നിവയുടെ വിലയിൽ മുൻ വർഷങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ കുറവുണ്ടായി. ഇത് നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്.

5. മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

6. പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന കുറവും ബിറ്റുമിൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപ്പനയിൽ വന്ന കുറവും നികുതി വരുമാനം കുറയാൻ കാരണമായി.

LIBRARY ARCHIVES Kerala Legislative Assembly

(സി)

സാമ്പത്തിക വർഷം	തനത് നികുതി വരുമാനം		തനത് നികുതി യേതര വരുമാനം	
	ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ)	ലഭിച്ച വരുമാനം (ശതമാനത്തിൽ)	ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ)	ലഭിച്ച വരുമാനം (ശതമാനത്തിൽ)
2011-12	26,641.53	96.53	2,530.94	102.41
2012-13	32,122.21	93.66	3,495.41	120.11
2013-14	38,771.10	82.52	4,921.57	113.27
2014-15	42,467.49	82.96	6337.47	114.93

ബഡ്ജറ്റ്

152 (124) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച് നടപ്പാക്കിയിട്ടില്ലാത്ത പദ്ധതികളുടെ തുടർ നിർവ്വഹണത്തിന് മതിയായ ബഡ്ജറ്റ് വിഹിതം 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നോ;

(ബി) മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് 2015-16 വർഷത്തെ ബഡ്ജറ്റിൽ തുടർ പദ്ധതി നിർവ്വഹണത്തിന് പണം വകയിരുത്താൻ കഴിയാതെ പോയിട്ടുള്ളതെന്ന് വിശദമാക്കാമോ; തുക വകയിരുത്തിയിട്ടും നടപ്പിലാക്കിയിട്ടില്ലാത്ത ഈ സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly